പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.912

29.09.2016-ൽ മറുപടിക്ക്

# തീരപ്രദേശങ്ങളിലെ മണൽ വാരൽ നിരോധനം

ചോദ്യം

ശ്രീ.പി.ടി.എ റഹീം

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലിയാറിന്റെ തീരപ്രദേശങ്ങളിൽ മണൽ വാരുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ചാലിയാർ പുഴയിൽ നടത്തിയിട്ടുള്ള സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് പ്രകാരം മണൽ ലഭ്യമല്ലാത്ത കടവുകളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മണൽ വാരൽ നിരോധിച്ചതു കാരണം ഈ മേഖലയിൽ ഈ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങൾ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പരിസ്ഥിതിക്ക് ദോഷകരമാവാത്ത വിധത്തിൽ മണൽ വാരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ; | (സി) | വിശദമായ ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷം തയ്യാറാക്കിയിട്ടുള്ള സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ മണൽ വാരുന്നതിനുള്ള അനുമതി നൽകി വരുന്നത്. |
| (ഡി) | ചാലിയാറിന്റെ മലപ്പുറം ജില്ലയിലെ കടവുകളിൽ മണൽ വാരുകയും കോഴിക്കോട് ജില്ലയിലെ കടവുകളിൽ മണൽ വാരുന്നത് നിരോധിക്കുകയും ചെയ്തതിലെ വൈരുദ്ധ്യം സംബന്ധിച്ച പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ പതിനൊന്ന് എം.എൽ.എ മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ഉണ്ട്. പ്രസ്തുത നിവേദനത്തിലെ പ്രധാന പരാതി ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ അപാകത പരിഹരിച്ച് മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തണം എന്നുള്ളതായിരുന്നു. ഈ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ശാസ്ത്രീയ റിപ്പോർട്ടുകളുടെയും അടിസ്ഥാന ത്തിൽ വിശദമായി പരിശോധിച്ചു. ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ച ആദ്യ സർക്കാർ ഉത്തരവിലെ ചില പിശകുകളാണ് ഇത്തരത്തിൽ ഒരു പരാതിക്ക് കാരണമായത്. ആ പിശകുകൾ പരിഹരിച്ചു കൊണ്ട് സർക്കാർ തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാവിയിൽ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സർക്കാർ ഉത്തരവുകളിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും കാര്യകാരണ സഹിതം ബഹു. നിയമസഭാ സാമാജികർക്ക് മറുപടി നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ